**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ല - കൊടുവള്ളി നഗരസഭ - കൊടുവള്ളി ഐ.ടി.ഐ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടക കുടിശ്ശിക തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്

സ.ഉ.(സാധാ) നം. 1670/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 19/06/2018

പരാമർശം:- ശ്രീ. കാരാട്ട് റസാഖ് എം.എൽ.എ യുടെ 17/04/2018 ലെ 350/18/KDLY നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ കൊടുവള്ളി ഐ.ടി.ഐ. ശ്രീ.അബ്ദുൽ മജീദ് എന്നിവരുടെ ഉടമസ്ഥതയിലുള്ള 2/199 N എന്ന കെട്ടിടത്തിൽ PWD നിശ്ചയിച്ച വാടകയ്ക്ക് 5 വർഷത്തേക്ക് മുനിസിപ്പാലിറ്റി ആവശ്യപ്പെട്ട പ്രകാരം എഗ്രിമെന്റ് മുഖേന വിട്ടുകൊടുക്കുകയുണ്ടായിയെന്നും. എന്നാൽ 15/02/2016 മുതൽ 31/05/2017 വരെ മുനിസിപ്പാലിറ്റി വാടക നൽകുകയും 1/06/2017 മുതൽ ഇന്ന് വരെ മുനിസിപ്പാലിറ്റി വാടക നൽകിയിട്ടില്ലായെന്നും ആയതിനാൽ കുടിശ്ശിക വാടകയും തുടർന്നുള്ള വാടകയും മുനിസിപ്പാലിറ്റിയിൽ നിന്ന് അനുവദിക്കാൻ ആവശ്യമായ നടപടികൾ സ്വികരിക്കണമെന്ന് പരാർശ കത്ത് പ്രകാരം ശ്രീ. കാരാട്ട് റസാഖ് എം.എൽ.എ ശിപാർശ ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് ജില്ലയിലെ കൊടുവള്ളി ഐ.ടി.ഐ പ്രവർത്തിക്കുന്ന, ശ്രീ.അബ്ദുൽ മജീദ് അവർകളുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ 01/06/2017 മുതൽ എഗ്രിമെന്റ് കാലാവധി തീരുന്ന 30/09/2020 വരെ ITI പ്രവർത്തിക്കുന്നിടത്തോളം പ്രതിമാസം 63,666/- (അറുപത്തിമൂന്നായിരത്തി അറുന്നൂറ്റി അറുപത്തിയാറ്) രൂപ നിരക്കിൽ വാടക നൽകുവാനും, പ്രസ്തുത വാടക കൊടുവള്ളി മുനിസിപ്പാലിറ്റിയുടെ തനത് ഫണ്ടിൽ നിന്ന് നൽകുന്നതിനും യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**സിനി ജെ ഷുക്കൂർ,**

**ഡെപ്യൂട്ടി സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, കൊടുവള്ളി നഗരസഭ, കൊടുവള്ളി പി.ഒ, കോഴിക്കോട് - 673572

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ